

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 21/12/2021

1. പച്ചക്കറികളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ വിപണി ഇടപെടലുകളുടെ ഭാഗമായി കൃഷിവകുപ്പ് ന്യായവിലയ്ക്ക് പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്ന പുതിയ സംരംഭമായ **തക്കാളി വണ്ടി** നടപ്പിലാക്കി. ഒരു കിലോ തക്കാളി 50 രൂപയ്ക്കും മിതമായ നിരക്കിൽ മറ്റു പച്ചക്കറികളും തക്കാളി വണ്ടിയിലൂടെ വില്പന നടത്തുന്നതായിരിക്കും. ഒരു ജില്ലയിൽ രണ്ട് വണ്ടി എന്നതോതിൽ 28 വണ്ടികൾ സംസ്ഥാനത്ത് വെള്ളിയാഴ്ച മുതൽ ഓടിത്തുടങ്ങി. വിപണിയിലെ വില കുറയുന്നതിനനുസരിച്ച് ഉൽപ്പന്നങ്ങളുടെ വില കുറയുന്നതായിരിക്കും. എന്നാൽ വിപണി വില വർദ്ധിക്കുമ്പോൾ, കൃഷിവകുപ്പ് വിപണികളിൽ വില വ്യത്യാസമില്ലാതെ തുടരുന്നതാണ്. ക്രിസ്തുമസ് - പുതുവത്സര വിപണി കണക്കിലെടുത്ത് കൃഷിവകുപ്പിന്റെ പ്രത്യേക വിപണികൾ സംസ്ഥാനത്ത് ഡിസംബർ 22 മുതൽ ജനുവരി 1 വരെ പ്രവർത്തിക്കുമെന്നും കൃഷിവകുപ്പ് മന്ത്രി അറിയിച്ചു.

2. തിരുവനന്തപുരം ജില്ല പ്രിൻസിപ്പൽ കൃഷിഓഫീസിലെ ഇ-ഓഫീസ് ഉദ്ഘാടനം നാളെ (22.12.2021) ഉച്ചയ്ക്ക് 2 മണിക്ക് കൃഷിമന്ത്രി പി. പ്രസാദ് നിർവഹിക്കും.

3. പാലക്കാട് ജില്ലയിൽ കുതിച്ചുയരുന്ന പച്ചക്കറി വില പിടിച്ചു നിറുത്താൻ കൃഷി വകുപ്പും വി.എഫ്.പി.സി.കെ യും സംയുക്തമായി നടപ്പാക്കുന്ന സഞ്ചരിക്കുന്ന പച്ചക്കറി സ്റ്റാൾ നിലവിൽ വന്നു. ഹോർട്ടി കോർപ് പച്ചക്കറി കർഷകരിൽ നിന്നു ഹോൾ സെയിൽ വിലയിൽ പച്ചക്കറി സംഭരിച്ച് അതേ വിലക്ക് തന്നെ വിൽക്കുകയാണ് ചെയ്യുന്നത്. ഇനി മുതൽ ഈ വണ്ടികളിൽ നിന്നും മറ്റു പച്ചക്കറികളും കുറഞ്ഞ വിലയിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ പച്ചക്കറി വില നിയന്ത്രിച്ചു നിറുത്തുകയാണ് സർക്കാർ ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

4. കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയുടെ നേതൃത്വത്തിൽ കാർഷിക സർവ്വകലാശാലയിലെ അവസാന വർഷ വിദ്യാർത്ഥികൾ ഈ മാസം 23-ന് (23.12.2021-നു) രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെ **അഗ്രിക്ലിനിക്** സംഘടിപ്പിക്കുന്നു. കാർഷിക ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 50 കർഷകർക്ക് കോവിഡ്

പ്രോട്ടോകോൾ അനുസരിച്ച് പങ്കെടുക്കാം. കീട രോഗ നിർണ്ണയം നടത്തുന്നതിനായി ചെടിയുടെ കീടരോഗം ബാധിച്ച ഭാഗം കൊണ്ടു വരേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിനായി **9562857042, 8330062545, 7034651393** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും **കോമാടൻ, WCT, TxD** എന്നീ ഇനം തെങ്ങിൻ തൈകൾ വിപണനത്തിന് ലഭ്യമാണ്. കോമാടൻ -130 രൂപ, WCT-110 രൂപ, TxD- 250 രൂപ, TxD പോളീ ബാഗ് തൈ-280 രൂപ എന്നീ നിരക്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383573, 9847910119** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380, ഗ്രാമശ്രീ** എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

7. റബ്ബർതോട്ടമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി റബ്ബർബോർഡ് നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾക്ക് അപേക്ഷ നൽകാം. തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസത്തിനും, ഭവനരഹിതരായ തൊഴിലാളികൾക്ക് സ്വന്തം സ്ഥലത്ത് വീടുപണിയുന്നതിനും, ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ചികിത്സാച്ചെലവിന്റെ ഒരു നിശ്ചിതതുകയും ധനസഹായമായി നൽകും. കൂടാതെ ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകളായ ടാപ്പർമാരുടെയും അവരുടെ രണ്ട് പെൺമക്കളുടെയും വിവാഹത്തിനും, സ്ത്രീടാപ്പർമാർക്ക് പ്രസവച്ചെലവുകൾക്കും നിശ്ചിതതുക ബോർഡ് ധനസഹായം നൽകും. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിലോ **0481 2576622** എന്ന കോൾസെന്റർ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

8. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28, 29 തീയതികളിൽ **ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്, ടെറേറിയം നിർമ്മാണം** എന്നീ വിഷയങ്ങളിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ **8848420984, 9495118208** എന്നീ നമ്പരുകളിലോ, **8848420984** എന്ന വാട്ട്സാപ്പ് നമ്പരിലൂടെയോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലൂടെയോ, കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ നേരിട്ടോ ബന്ധപ്പെടുക.

9. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ഡിസംബർ 22-ന്) **ചീരയുടെ ജൈവകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (ഡിസംബർ **22-ന്**) **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം